# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 623

11.06.2013ൽ മറുപടിക്ക്.

**2012-2013 ൽ പൂർണ്ണമായും നടപ്പിലാക്കാത്ത പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു. എം.പാലിശ്ശേരി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| വ്യവസായ വകുപ്പിനായി 2012-2013 വർഷത്തിൽ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പൂർണമായും നടപ്പിലാക്കാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ? | 2012-13 വർഷത്തെ ബഡ്ജറ്റിൽ വ്യവസായ വകുപ്പിനെ സംബന്ധിച്ച് പ്രഖ്യാപിച്ച പുതിയ പദ്ധതികളിൽ ഭൂരിഭാഗത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾ പൂർണ്ണമായും പൂർത്തിയാക്കുന്നതിന് അതത് സാമ്പത്തിക വർഷംതന്നെ കഴിയുകയില്ല. പൂർണ്ണമായും നടപ്പിലാക്കാത്ത പദ്ധതികളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു. |

<u>കൈത്തറി & ടെക്സ്റ്റൈൽ വകുപ്പ്</u>

1) കൈത്തറി & ടെക്സ്റ്റൈൽ വകുപ്പിൽ 2012-13 വർഷത്തിൽ NCDC സഹായത്തോടെ ആലപ്പുഴ, തൃശ്ശൂർ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം.

2) സമഗ്ര കൈത്തറി വികസന പദ്ധതി പ്രകാരം 300 മുതൽ 500 വരെ ലൂമേജ് ഉള്ള ക്ലസ്റ്ററുകളുടെ വികസനത്തിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 100 ലക്ഷം രൂപയും കൈത്തറി വികസനത്തിന് ഗ്രൂപ്പ് സമീപനം എന്ന പദ്ധതികൾക്കായി ഉൾക്കൊള്ളിച്ചിട്ടുള്ള 15 ലക്ഷം രൂപയും കൈത്തറി സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ (ഹാന്റക്സും ഹാൻവീവും) എന്ന പദ്ധതി.

3) <u>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്</u>

1. നിലവിലുള്ള വ്യവസായ പ്രദേശങ്ങളുടെയും പ്ലോട്ടുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
2. പുതിയ സ്ഥലം ഏറ്റെടുക്കുന്നതിനും PPP മോഡുപ്രകാരമുള്ള വികസനം.
3. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള ഗ്രാന്റ് - NCDC പദ്ധതികൾ.

**സെക്ഷൻ ഓഫീസർ**